ഉത്തരം

(എ ആന്റ് ബി) ആവശ്യമായ മുഴുവൻ തുക നൽകിയിട്ടും വിദ്യാർത്ഥികളും സ്ഥാപനമേധാവികളും അപേക്ഷകൾ കുറ്റമറ്റ രീതിയിൽ യഥാസമയം നൽകാത്തതു മൂലവും സ്ഥാപനത്തിൽ നിന്നും റിന്യൂവൽ സ്റ്റേറ്റ്മെന്റ് യഥാസമയം ലഭിക്കാത്തതി നാലും കാലതാമസം നേരിടുന്നുണ്ട്. മുൻവർഷങ്ങളിലെ അപേക്ഷയുടെ പരിശോധന യിൽ അപാകതയില്ലായെന്നു കണ്ടെത്തിയ മുഴുവൻ അപേക്ഷയിൻമേലും തീരുമാനമെ ടുക്കുകയും ആനുകൂല്യം നൽകുകയും ചെയ്തിട്ടുണ്ട്. നടപ്പുവർഷം റിന്യൂവൽ സ്റ്റേറ്റ്മെന്റ് നൽകാത്ത വിദ്യാഭ്യാസ സ്ഥാപനങ്ങളിലും ലംപ്സംഗ്രാന്റ് നൽകുന്നതിൽ കാലതാമസം വന്നിട്ടുണ്ട്. ഒ.ഇ.സി. കുട്ടികൾക്ക് മുഴുവൻ ലംപ്സംഗ്രാന്റ് നൽകാനുള്ള തുക അനുവദിച്ചുകിട്ടിയിട്ടില്ല.

ഷൊർണ്ണൂർ ഗവൺമെന്റ് പ്രസ്സിന്റെ നവീകരണം

120 [2856] ശ്രീ. വി. കെ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടിക സമുദായ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഷൊർണ്ണൂർ ഗവൺമെന്റ് പ്രസ്സിന്റെ നവീകരണത്തിന് എന്തെങ്കിലും പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) 2003-04 ബജറ്റിൽ എന്ത് തുകയാണ് ഇതിനുവേണ്ടി വകകൊള്ളി ച്ചിരുന്നത്; പ്രസ്തുത തുക വക മാറ്റി ചെലവഴിച്ചിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കുമോ?

ഉത്തരം

(എ) 2004-05 സാമ്പത്തിക വർഷത്തിൽ ഷൊർണ്ണൂർ ഗവൺമെന്റ് പ്രസ്സിന്റെ നവീകരണത്തിന് ആധുനിക യന്ത്രങ്ങൾ വാങ്ങാൻ 292.1 ലക്ഷം രൂപയുടെ പദ്ധതി പ്ലാനിംഗ് ബോർഡിന് സമർപ്പിച്ചിരുന്നു.

(ബി) 2003-04 ബജറ്റിൽ തുക വകകൊള്ളിച്ചിട്ടില്ല.

അച്ചടി വകുപ്പിലെ സാങ്കേതിക വിഭാഗം ജീവനക്കാരുടെ സബോർഡിനേറ്റ് സർവ്വീസ് സ്പെഷ്യൽ റൂൾസ്

121 [2857] ശ്രീമതി ഗിരിജാ സുരേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടിക സമുദായ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അച്ചടി വകുപ്പിലെ സാങ്കേതിക വിഭാഗം ജീവനക്കാരുടെ സബോർഡിനേറ്റ് സർവ്വീസ് സ്പെഷ്യൽ റൂൾസ് പരിഷ്കരിക്കുന്നതിനുള്ള ശുപാർശ സർക്കാരിന് ലഭിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly